# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4131 — 24.06.2019-ൽ മറുപടിയ്ക്ക്.

**<u>പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതിയിൽ ഉണ്ടായ കുറവ്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ.മാക്സി | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഇക്കഴിഞ്ഞ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ചതുരശ്ര കിലോമീറ്റർ കുറവാണ് ഉണ്ടായതെന്ന് അറിയിക്കുമോ ; | (എ) ഇക്കഴിഞ്ഞ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടില്ല. |
| (ബി) പ്രളയം മൂലം ജീവഹാനി സംഭവിച്ച ജീവജാലങ്ങളുടെ കണക്ക് ലഭ്യമാക്കുമോ; | (ബി) പ്രളയം മൂലം ജീവഹാനി സംഭവിച്ച ജീവജാലങ്ങളുടെ കണക്ക് സർക്കിൾ തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സർക്കിൾ | ജീവജാലങ്ങളുടെ എണ്ണം |
|---|---|---|
| 1 | സതേൺ സർക്കിൾ കൊല്ലം. | കാട്ടുപോത്ത് - 1 |
| 2 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | പിടിയാന കുട്ടി - 1<br>ആന - 3 |
| 3 | നോർത്തേൺ സർക്കിൾ, കണ്ണൂർ | ആനക്കുട്ടി - 1<br>കാട്ടുപോത്ത് - 1 |
| 4 | ഫീൽഡ് ഡയറക്ടർ, കോട്ടയം | കടുവ - 2, മ്ലാവ് - 1, കാട്ടുപോത്ത് - 1, കാട്ടുപന്നി - 4, മുള്ളൻപന്നി - 1, രാജവെമ്പാല - 1, പെൺമയിൽ - 1 |

| | |
|---|---|
| (സി) പ്രളയം മൂലം നഷ്ടമായ ആകെ മരങ്ങളുടെ എണ്ണം എത്രയാണ്; എത്ര രൂപയുടെ നഷ്ടമാണ് ഇതുമൂലം സംഭവിച്ചത്; വിശദാംശം വ്യക്തമാക്കാമോ? | (സി) പ്രളയം മൂലം പല വന പ്രദേശങ്ങളിലും മരങ്ങൾ കടപുഴകി നിലം പൊത്തിയതു കൂടാതെ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും മരങ്ങൾ കട പുഴകി വീണ് മണ്ണിനടിയിലായിട്ടുള്ളതിനാൽ, നഷ്ടപ്പെട്ട മരങ്ങളുടെ വ്യക്തവും കൃത്യവുമായ എണ്ണം എത്രയാണെന്ന് കണ്ടെത്താൻ പ്രായോഗികമല്ലാത്തതാകുന്നു.<br><br>പ്രളയംമൂലം മരങ്ങൾ നഷ്ടപ്പെട്ടതിന്റെ വ്യക്തവും കൃത്യവുമായ കണക്കെടുക്കൽ പ്രായോഗികമല്ലാത്തതിനാൽ നഷ്ടപ്പെട്ട മരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ലാത്തതാകുന്നു. ടി സാഹചര്യത്തിൽ മരങ്ങൾ നഷ്ടപ്പെട്ടതിലൂടെയുള്ള കണക്ക് തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. എന്നാൽ, പ്രളയവുമായി ബന്ധപ്പെട്ട് തടികഷ്ണങ്ങളും, വൃക്ഷതൈകളും, നഴ്സറി ബഡ്ഡുകളും നഷ്ടപ്പെട്ട വകയിൽ ഉദ്ദേശം 15,37,000/- (പതിനഞ്ചു ലക്ഷത്തി മുപ്പത്തി ഏഴായിരം രൂപ മാത്രം) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.<br><br>വനംവകുപ്പിന്റെ കീഴിലുള്ള വിവിധ സർക്കിളുകളിൽ പ്രളയം മൂലം ഉണ്ടായിട്ടുള്ളതും കണക്കെടുക്കാൻ സാധിച്ചിട്ടുള്ളതുമായ കടപുഴകിവീണ മരങ്ങൾ, ഭീഷണിമൂലം മുറിച്ചുമാറ്റിയ മരങ്ങൾ എന്നിവയുടെ സംക്ഷിപ്തവിവരണം സർക്കിൾ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സതേൺ സർക്കിൾ, കൊല്ലം :

സതേൺ സർക്കിളിന്റെ കീഴിലുള്ള അച്ചൻകോവിൽ ഡിവിഷന്റെ പരിധിയിൽ 105 മരങ്ങൾ കടപുഴകി വീണിട്ടുണ്ട്. തെന്മല ഡിവിഷന്റെ പരിധിയിൽ ജീവന് ഭീഷണിയായി നിന്ന 3 2 മരങ്ങൾ മുറിച്ച മാറ്റിയിട്ടുള്ളതും, ഈ മരങ്ങൾ എല്ലാം തന്നെ ലേലം ചെയ്യുന്നതിനായി ശേഖരിച്ചതിനാൽ ധനനഷ്ടം ഉണ്ടായിട്ടില്ല. കൂടാതെ, കോന്നി ഡിവിഷന്റെ പരിധിയിൽ ഒഴുകി വന്ന 4 വലിയ പാഴ്മരങ്ങൾ പാറക്കടവ് പാലത്തിന് അപകടകരമായ നിലയിൽ തട്ടി നിന്നതിനെ തുടർന്ന് മുറിച്ച് മാറ്റിയിട്ടുണ്ട്.

ഹൈറേഞ്ച് സർക്കിൾ, കോട്ടയം :

ടി സർക്കിളിന്റെ അധികാരപരിധിയിൽ വരുന്ന കോട്ടയം ഡിവിഷനിൽ പുന്നപ്പ - 8, വെള്ളിലവ് - 6, മരുത് - 4, കനല - 3, വട്ട - 4, വാക എന്നീ മരങ്ങൾ കടപുഴകി വീണിട്ടുണ്ട്. മൂന്നാർ ഡിവിഷന്റെ പരിധിയിൽ 6 തേക്ക് മരങ്ങൾ ഒലിച്ച് പോയിട്ടുള്ളതും, 36 മരങ്ങൾ ഒടിഞ്ഞും, കടപുഴകിയും വീണിട്ടുള്ളതുമാണ്. മറയൂർ ഡിവിഷനിലാകട്ടെ 25 വൻമരങ്ങൾ പിഴുത് വീണിട്ടുണ്ട്.

സെൻട്രൽ സർക്കിൾ, തൃശ്ശൂർ :

തൃശ്ശൂർ സർക്കിളിൽ തൃശ്ശൂർ ഡിവിഷന്റെ പരിധിയിൽ വിവിധ ഇനത്തിൽപ്പെട്ട 222 മരങ്ങൾ കടപുഴകി വീണിട്ടുള്ളതും, മലയാറ്റൂർ ഡിവിഷന്റെ പരിധിയിൽ 17 മരങ്ങൾ ഒഴുക്കിൽപ്പെട്ട് നഷ്ടപ്പെട്ടിട്ടുണ്ട്.

ഈസ്റ്റേൺ സർക്കിൾ, പാലക്കാട് :

ഈസ്റ്റേൺ സർക്കിളിൽ ഉൾപ്പെടുന്ന നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിൽ 5 3 മരങ്ങളും, മണ്ണാർക്കാട് ഡിവിഷനിൽ 13 മരങ്ങളും, പാലക്കാട് ഡിവിഷനിൽ 14 മരങ്ങളും, നെന്മാറ ഡിവിഷനിൽ 301 മരങ്ങളും പ്രളയത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

നോർത്തേൺ സർക്കിൾ, കണ്ണൂർ :

കണ്ണൂർ സർക്കിളിൽ, കണ്ണൂർ ഡിവിഷന്റെ പരിധിയിൽ നിന്നും 2 0 മരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. മറ്റ് ഡിവിഷനുകളിലെ നഷ്ടമായ മരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

ഫീൽഡ് ഡയറക്ടർ, കോട്ടയം :

പെരിയാർ വെസ്റ്റ് ഡിവിഷന്റെ പരിധിയിൽ പമ്പ, അഴുത എന്നീ നദി തീരങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാവുകയും ഏകദേശം 47 മരങ്ങൾ കടപുഴകുകയും ചെയ്തിട്ടുണ്ട്.

വന്യജീവി വിഭാഗം, പാലക്കാട്:

സൈലന്റ് വാലി ഡിവിഷന്റെ പരിധിയിൽ ആകെ 3 2 മരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. പറമ്പിക്കുളം ഡിവിഷനിലാകട്ടെ കുരിയാർകുറ്റി പുഴയോരങ്ങളിൽ ഉള്ള കുറെ മുളങ്കൂട്ടങ്ങളും ചെറുമരങ്ങളും കടപുഴകി വീണിട്ടുണ്ട്. കൂടാതെ, പീച്ചി ഡിവിഷനിൽ 115 മരങ്ങൾ കടപുഴകി വീണിട്ടുണ്ട്.

സാമൂഹ്യവനവൽക്കരണം വിഭാഗം, കോഴിക്കോട്:

കോഴിക്കോട് സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ കീഴിൽ 28577 വൃക്ഷ തൈകളും, 12 ബഡ് നഴ്സറിയും നഷ്ടപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ